3. ടി റോഡിന് സമാന്തരമായി ബി.ഒ.ടി. വ്യവസ്ഥയിൽ സ്റ്റേറ്റ് ഗവൺമെന്റ് മറ്റൊരു റോഡ് നിർമ്മിക്കുകയാണെങ്കിൽ ടി റോഡിന്റെ ടോൾ ദേശീയപാതയിൽ നിശ്ചയിച്ചിരിക്കുന്ന ടോളിനേക്കാൾ 25% എങ്കിലും അധികമായിരിക്കണം.

4. ടി ദേശീയപാതകളിൽ നിശ്ചയിച്ചിരിക്കുന്ന ടോൾ തുകയ്ക്ക് പുറമേ സംസ്ഥാന ഗവൺമെന്റിന്റെ യാതൊരു വിധ ടോൾ, ഫീസ്, ടാക്സ് എന്നിവ പിരിക്കുവാൻ പാടുള്ളതല്ല.

കരമന മുതൽ വഴിമുക്ക് വരെയുള്ള ഹൈവേ വികസനം

222 (819) ശ്രീ. എൻ. ശക്തൻ :

ശ്രീ. ജി. കർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ. എച്ച്. 47-ന്റെ കരമന മുതൽ വഴിമുക്ക് വരെയുള്ള വികസനത്തിന് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നിർത്തിവച്ചിട്ടുണ്ടോ ; എങ്കിൽ ഈ തീരുമാനം കൈക്കൊള്ളുന്നതിനുള്ള കാരണങ്ങൾ എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതു സംബന്ധിച്ച് പുതുതായി ഏതൊക്കെ നിർദ്ദേശങ്ങളാണ് നൽകിയിരുന്നത് ; ഇതിനായി സർക്കാർ നൽകിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) ഈ ഭാഗത്തെ വികസനത്തിന്റെ ഭാഗമായി അതിർത്തി തിരിച്ച് കല്ലിടുന്ന പണി ഇപ്പോൾ നടക്കുന്നുണ്ടോ ;

(ഡി) ഇത്തരം സർവ്വേ നിർത്തിവയ്ക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ഇ) ഈ ഭാഗത്തെ സ്ഥലം ഏറ്റെടുക്കുന്നതിനും അതിർത്തി തിരിച്ച് കല്ലുകൾ ഇടുന്നതിനും എന്തു തുകകൾ വീതമാണ് വകയിരുത്തിയിട്ടുള്ളത് ;

(എഫ്) ഈ സ്ഥലത്തുനിന്നും ഒഴിപ്പിക്കുന്ന വ്യാപര സ്ഥാപനങ്ങൾക്കും വസ്തു ഉടമകൾക്കും നഷ്ടപരിഹാരവും പുനരധിവാസവും നൽകുന്നതിന് എന്തൊക്കെ വ്യവസ്ഥകൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളത് എന്ന് വിശദമാക്കുമോ ;

(ജി) ഇപ്പോൾ നിർത്തിവച്ചിരിക്കുന്ന ഈ ഭാഗത്തെ വികസന പ്രവർത്തനങ്ങൾ എന്ന് പുനരാരംഭിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കരമന മുതൽ വഴിമുക്ക് വരെയുള്ള ഭാഗത്തെ വികസനത്തിന് വേണ്ടിയുള്ള അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്ന പണി ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പണി നിർത്തിവയ്ക്കുന്നതിനുള്ള ഒരു നിർദ്ദേശവും നൽകിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത് സംബന്ധിച്ച പുതിയ നിർദ്ദേശങ്ങൾ ഒന്നുംതന്നെ നൽകിയിട്ടില്ല.

(സി) അതിർത്തി തിരിച്ച് കല്ലിടുന്ന പണി ആരംഭിച്ചിട്ടുണ്ട്.

(ഡി) സർവ്വെ നിർത്തിവെയ്ക്കാൻ നിർദ്ദേശം ഒന്നും നൽകിയിട്ടില്ല.

(ഇ) ഈ പ്രദേശത്തെ പ്രവൃത്തിക്ക് (കരമന മുതൽ വഴിമുക്ക് വരെ 12 കി.മി.) 100 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ കല്ലിടൽ പ്രവർത്തിക്ക് 8 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(എഫ്) ഫാസ്റ്റ് ട്രാക്കിൽ ഉൾപ്പെടുത്തി വസ്തു ഏറ്റെടുക്കാനും വസ്തുവിനും കെട്ടിടങ്ങൾക്കും വിപണി വില നൽകാനുമാണ് ഉദ്ദേശിച്ചിരിക്കുന്നത്. ഇതിനുവേണ്ടി പ്രത്യേകമായ പുനരധിവാസ പദ്ധതിയൊന്നും സർക്കാരിന്റെ പരിഗണനയിലില്ല.

(ജി) ഈ ഭാഗത്തെ അതിർത്തി തിരിച്ച് കല്ലിടുന്ന പണി നടന്നുവരുന്നു.

എൻ.എച്ച്.47-ലെ പാപ്പനംകോട് മുതൽ കൈമനം വരെയുള്ള റോഡ് വികസനം

223 (820) ശ്രീ. എൻ. ശക്തൻ :

ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ. എച്ച് 47-ലെ പാപ്പനംകോട് മുതൽ കൈമനം വരെയുള്ള റോഡിന്റെ വികസനത്തിനായി ഭൂമി ലഭ്യമായിട്ടും ഇവിടത്തെ നിർമ്മാണ പ്രവർത്തനം ഇനിയും പൂർത്തിയാക്കാത്തതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ് ;

(ബി) ഇവിടെ ഇതുവരെ എന്തൊക്കെ നിർമ്മാണ പ്രവർത്തനങ്ങളാണ് നടത്തിയിട്ടിട്ടുള്ളത് ;

(സി) സമയബന്ധിതമായി ഈ പണി പൂർത്തിയാക്കാതിരിക്കുന്നതിനുള്ള കാരണങ്ങൾ എന്തായിരുന്നു ;

(ഡി) ഈ ഭാഗത്തെ മുഴുവൻ പണികളും പൂർത്തിയാക്കി ഗതാഗത സൗകര്യത്തിന് നൽകാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പാപ്പനംകോട് മുതൽ കൈമനം വരെയുള്ള ഭൂമി റോഡു വികസനത്തിനായി വിട്ടുകിട്ടുയിട്ടുണ്ട്. പ്രസ്തുത സ്ഥത്ത് താൽക്കാലിക ബസ്ബേ നിർമ്മിക്കുവാനും പാർക്കിംഗ് സ്ഥലം പണിയുവാനുമുള്ള പ്രവർത്തികൾ നടന്നുവരുന്നു.

(ബി) ശ്രീ. ചിത്തിരതിരുനാൾ എൻജിനീയറിംഗ് കോളേജിന്റെ മുൻവശം വീതികൂട്ടുകയും താൽക്കാലിക ബസ്ബേ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly